**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 345** **29-01-2024 - ൽ മറുപടിയ്ക്ക്**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പുതിയ ഘടകങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കാർഷിക മേഖലയിലെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആവർത്തന സ്വഭാവമുള്ള കൃഷിപ്പണികളായ ഞാറു നടൽ, കൊയ്ത്ത് എന്നീ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിന് സർക്കാർതലത്തിൽ നടപടി സ്വീകരിക്കുമോ? | (എ) | 2005-ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപം കൊണ്ടിട്ടുള്ള പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. പ്രസ്തുത തൊഴിലുറപ്പ് നിയമ പ്രകാരം ആവർത്തന സ്വഭാവമുള്ള കാർഷിക പ്രവൃത്തികൾ ഏറ്റെടുക്കുന്നത് അനുവദനീയമല്ല. ആയതിനാൽ തന്നെ ഞാറു നടൽ, കൊയ്ത്ത് തുടങ്ങിയ ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നിലവിലുള്ള നിയമ വ്യവസ്ഥ അനുവദിക്കുന്നില്ല. ഇതൊരു കേന്ദ്രാവിഷ്കൃത പദ്ധതി ആയതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് നടപടിയെടുക്കാൻ സാധിക്കില്ല. |

സെക്ഷൻ ഓഫീസർ